# നവകൊളോണിയലിസത്തിനെതിരെ പുതിയ പോർക്കളമുണരട്ടെ

● 
അമരീഷ് മിശ്ര

**സോളിഡാരിറ്റി കോഴിക്കോട് ജില്ലാ സമ്മേളനത്തിന് പ്രമുഖ മനുഷ്യാവകാശ പ്രവർത്തകനും ചരിത്രകാരനുമായ അമരീഷ് മിശ്ര നൽകിയ സന്ദേശം**



ഈ സമ്മേളനത്തിൽ ഒരുമിച്ചുകൂടിയ എല്ലാ വിദ്യാർഥികളെയും യുവാക്കളെയും ഞാൻ ഹൃദയംഗമമായി അഭിവാദ്യം ചെയ്യുന്നു. ഒഴിവാക്കാൻ പറ്റാത്ത ചില കാരണങ്ങളാൽ എനിക്ക് ഈ പരിപാടിയിൽ പങ്കെടുക്കാൻ കഴിയാതെ വന്നതിൽ ഞാൻ ക്ഷമ ചോദിക്കുന്നു. സോളിഡാരിറ്റിയുടെയും ജമാഅത്തെ ഇസ്‌ലാമിയുടെയും എസ്.ഐ.ഒയുടെയും പ്രവർത്തകരോടും നേതാക്കളോടും എനിക്ക് ഇങ്ങനെ ഒരവസരം തന്നതിന് ഞാൻ നന്ദി പറയുന്നു.

കേരളത്തിലും മറ്റു സ്ഥലങ്ങളിലും നിങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ഞാൻ ധാരാളം കേട്ടിട്ടുണ്ട്. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക്എല്ലാ വിജയവും ആശംസിക്കുന്നു.

സുഹൃത്തുക്കളേ, നമ്മുടെ പ്രിയപ്പെട്ട നാട് പ്രശ്നകലുഷിതമായ ഒരു സാഹചര്യത്തിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. നവംബർ 26ലെ ഭീകരാക്രമണം ഒരു സത്യം വെളിപ്പെടുത്തുന്നുണ്ട്. എല്ലാ വിഭവങ്ങളുമുണ്ടായിട്ടും ഒരുപാട് പുരോഗതി നേടിയിട്ടും ആയുധബലത്തിൽ ലോകത്തെ അഞ്ചാമത്തെ ശക്തിയായിരുന്നിട്ടും, ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനത്തെ പത്തോളം തീവ്രവാദികളിൽനിന്ന് 60 മണിക്കൂറോളം വീണ്ടെടുക്കാനായില്ല എന്നതാണ് ആ സത്യം. ഇന്ത്യൻ വ്യവസ്ഥയെ ചില്ലറ രോഗങ്ങളൊന്നുമല്ല ബാധിച്ചിരിക്കുന്നത് എന്നാണ് ഇത് കാണിക്കുന്നത്. ചികിത്സ കണ്ടുപിടിക്കേണ്ടിയിരിക്കുന്ന മാരക രോഗമാണിത്. ഭരണാധികാരികൾക്കും നമ്മുടെ സുരക്ഷ ഉറപ്പുവരുത്താൻ കഴിയാതെ വന്നിരിക്കുന്നു.

**മുസ്‌ലിംകൾ തീവ്രവാദികളാണെന്ന പടിഞ്ഞാറൻ ആശയം ഇന്ത്യയിലേക്കും ഇറക്കുമതി ചെയ്യപ്പെട്ടു. നിരപരാധികളായ മുസ്‌ലിം ചെറുപ്പക്കാർ ജയിലിൽ നരകയാതന അനുഭവിക്കുന്നത് തുടരുന്നു. ഇതിനെല്ലാം കാരണം അമേരിക്കൻ– ഇസ്രയേൽ സ്വാധീനമാണെന്നും ഇന്ത്യ ലോക ശക്തികളുടെ പാവയായി മാറിക്കൊണ്ടിരിക്കുകയാണെന്നും ജനം ആശങ്കപ്പെടുന്നു. ചൈനക്കെതിരെ യുദ്ധമുഖം തുറക്കാൻ ഇന്ത്യയെ അവരുടെ പക്ഷത്തേക്ക് കൊണ്ടുവരികയോ, മുസ്‌ലിംകളെയും മറ്റു ന്യൂനപക്ഷങ്ങളെയും ഇന്ത്യൻ സമൂഹത്തിലെ ഇതര വിഭാഗങ്ങളിൽനിന്നും ഒറ്റപ്പെടുത്തി രാഷ്ട്രത്തിന്റെ ഐക്യത്തെ തകർക്കുകയോ ആണ് ഇസ്രയേലിന്റെയും അമേരിക്കയുടെയും ലക്ഷ്യം. ലക്ഷക്കണക്കിന് സ്വാതന്ത്ര്യപ്പോരാളികളുടെ ജീവൻ ബലിയർപ്പിച്ച് സ്വാതന്ത്ര്യം നേടിയെടുത്ത നമ്മുടെ രാജ്യം, ഇന്നതിന്റെ പരമാധികാരത്തിന് വേണ്ടി പടക്കളത്തിലിറങ്ങേണ്ടിവന്നിരിക്കുന്നു.**

കഴിഞ്ഞ ഇരുപത് വർഷമായി, ഉൽപാദനത്തേക്കാൾ ഊഹക്കച്ചവടവും മനുഷ്യത്വത്തേക്കാൾ ലാഭവും ഏറെ അഭികാമ്യമായി കരുതുന്ന ഒരു സാമ്പത്തിക

മാതൃകയാണ് ലോകം ഭരിച്ചത്. ഒടുവിൽ, ഈ സാമ്പത്തിക മാതൃകയുടെ ശക്തികേന്ദ്രമായ അമേരിക്കയിൽ കണ്ടതുപോലെ, ലാഭക്കൊതിയന്മാർ സാധാരണ ജനങ്ങളുടെ ദശലക്ഷം കോടി ഡോളറുമായി കടന്നുകളഞ്ഞിരിക്കുന്നു. ഈ സാധാരണ ജനങ്ങൾ വീടില്ലാതെ, തൊഴിലില്ലാതെ പാവങ്ങളായി അവശേഷിക്കുന്നു.

രാജീവ് ഗാന്ധിയുടെ വധത്തിനും സോവിയറ്റ് യൂനിയന്റെ തകർച്ചക്കും ശേഷം മനുഷ്യവർഗത്തിനെതിരെ നടക്കുന്ന ഈ അതിക്രൂരതകളിൽ ഇന്ത്യയും പങ്ക് ചേർന്നിരിക്കുന്നു. വിദേശ മൂലധനത്തെ അമിതമായി ആശ്രയിക്കുന്ന, പണക്കാരനെ കൂടുതൽ പണക്കാരനാക്കുന്ന ഒരു നയം സ്വീകരിക്കുക വഴി ഇന്ത്യ അതിന്റെ സ്വാശ്രയത്വവും സോഷ്യലിസ്റ്റ് മാതൃകയും കൈയൊഴിയാൻ നിർബന്ധിക്കപ്പെട്ടു. ഭാഗ്യവശാൽ ഇടതുപക്ഷവും ജനാധിപത്യശക്തികളും പൂർണമായ ഒരു കീഴടങ്ങലിൽനിന്ന് നമ്മെ അകറ്റിനിർത്തുകയായിരുന്നു. നമ്മുടെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഒരുവിധം വിഭ്രാന്തിയെ അതിജീവിച്ചു. സ്വാശ്രയത്തിൽ കെട്ടിപ്പടുത്ത കാർഷികരംഗവും പരിക്കേൽക്കാതെ അവശേഷിക്കുന്നു. പക്ഷേ, തൊഴില്ലായ്മ പെരുത്തു. തൊഴിലാളികളുടെയും കർഷകരുടെയും അവകാശങ്ങൾ ഹനിക്കപ്പെട്ടു. ആയിരക്കണക്കിന് കർഷകർ കടബാധ്യത കാരണം ആത്മഹത്യ ചെയ്യേണ്ടിവന്നു

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ഇന്ത്യ ഭക്ഷ്യക്ഷാമത്തിൽനിന്ന് മുക്തമായിരുന്നു. പക്ഷേ, നരസിംഹറാവുവും മൻമോഹൻ സിംഗും കൊണ്ടുവന്ന പുതിയ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഫലമായി ധാരാളം ഭക്ഷ്യധാന്യങ്ങൾ വിദേശ ഊഹക്കച്ചവടത്തിലേക്ക് എടുത്തെറിയപ്പെട്ടു. ഇതെല്ലാം എവിടേക്ക് നയിക്കുമെന്ന് നമുക്കറിയില്ല. സ്വാതന്ത്ര്യത്തിന് മുമ്പ് ബ്രിട്ടീഷ് ഭരണകാലത്ത് ആയിരക്കണക്കിന് ഇന്ത്യക്കാരെ ഭൂമുഖത്തുനിന്ന് തുടച്ചുനീക്കിയതുപോലുള്ള അതിരൂക്ഷമായ ഒരു ഭക്ഷ്യക്ഷാമത്തിലേക്ക് നമ്മുടെ നാട് തിരിച്ചുപോവുമോ? പുതിയ സാമ്പത്തിക പരിഷ്കാരത്തിന്റെ വരവോടെയാണ് വർഗീയത ശക്തിപ്പെടാനും ഇന്ത്യയുടെ വിദേശനയം തിരുത്തപ്പെടാനും തുടങ്ങിയത്. 1991ന് മുമ്പ് ചേരിചേരാ രാഷ്ട്രങ്ങളുടെ നായകത്വം വഹിക്കുന്ന രാഷ്ട്രമെന്ന നിലയിൽ ഇന്ത്യ അഭിമാനപൂർവം നിലകൊണ്ടു. ഇന്ത്യക്കാർക്ക് പോവാൻ സാധിക്കാതിരുന്ന രണ്ട് രാഷ്ട്രങ്ങളുണ്ടായിരുന്നു- ഇസ്രയേലും ദക്ഷിണാഫ്രിക്കയും. ദക്ഷിണാഫ്രിക്കയിലെ വർണ വിവേചനത്തിനെതിരെ ഇന്ത്യ ശക്തിയായി നിലകൊണ്ടു; അന്യായമായി ഇസ്രയേൽ ഫലസ്ത്വീൻ ഭൂമി കൈവശപ്പെടുത്തിയതിനെതിരെയും.

ദക്ഷിണാഫ്രിക്കയെ ഇന്ത്യ അംഗീകരിച്ചത് വർണവിവേചനം അവസാനിപ്പിച്ച ശേഷമാണ്. ഇസ്രയേലാകട്ടെ, ഗസ്സയും പടിഞ്ഞാറെകരയും അധീനപ്പെടുത്തുന്നത് തുടർന്നുവെന്ന് മാത്രമല്ല, പിറന്ന മണ്ണിന്റെ അവകാശത്തിനായി പൊരുതുന്ന ലക്ഷക്കണക്കിന് ഫലസ്ത്വീനികളുടെ മനുഷ്യാവകാശങ്ങൾ ധ്വംസിക്കുന്നത് ദിനചര്യയാക്കി മാറ്റുകയും ചെയ്തു. എന്നിട്ടും ഇന്ത്യ ഇസ്രയേലിനെ അംഗീകരിച്ചു എന്നു മാത്രമല്ല ഇസ്രയേലീ ആയുധങ്ങൾ വാങ്ങിക്കൂട്ടുന്ന പ്രധാന രാജ്യങ്ങളിലൊന്നായി മാറുകയും ചെയ്തു.

ഇന്ത്യയിലെ സാധാരണക്കാർ പോലും ഇന്നൊരു ഭയത്തിന്റെ പിടിയിലാണ്. അമേരിക്ക, ഇസ്രയേൽ പോലുള്ള വിദേശശക്തികൾ നമ്മുടെ രാജ്യത്തേക്കും കടന്നുകയറുമോ എന്നതാണത്. ഇന്ത്യ വീണ്ടും പടിഞ്ഞാറിന്റെ കോളനിയായി തിരിച്ചുപോകുമോ എന്ന ഉത്കണ്ഠയുമുണ്ട്. മുസ്‌ലിം സ്ത്രീകളെ പരസ്യമായി ബലാത്സംഗം ചെയ്ത്, നൂറുകണക്കിന് മനുഷ്യരെയും കുട്ടികളെയും കൊന്നൊടുക്കിയ 2002ലെ ഗുജറാത്ത് കലാപത്തിലെ കുറ്റവാളികൾ നീതിക്കു മുമ്പിൽ ഹാജരാക്കപ്പെട്ടില്ല എന്നതു കൊണ്ടുതന്നെ ഈ ഉത്കണ്ഠ കൂടുതൽ തീക്ഷ്ണമായിട്ടുണ്ട്. ആയിരക്കണക്കിന് മുസ്‌ലിംകളെ കൊന്നൊടുക്കുകയോ അംഗഛേദം വരുത്തുകയോ ചെയ്ത മുംബൈ പോലീസ്-ശിവസൈനിക കൂട്ടുകെട്ടിന്റെ ഭീകരമുഖം തുറന്നുകാട്ടിയ ശ്രീകൃഷ്ണ കമീഷൻ റിപ്പോർട്ടിൽ നടപടികളൊന്നും ഉണ്ടായില്ല. പിന്നീട് ഇന്ത്യയിൽ ഒരുപാട് ഭീകരാക്രമണങ്ങളും ബോംബ് സ്ഫോടനങ്ങളുമുണ്ടായി. രാജ്യത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽനിന്ന് ആയിരക്കണക്കിന് മുസ്‌ലിം യുവാക്കൾ കേന്ദ്ര ഏജൻസികളാലും സംസ്ഥാന പോലീസിനാലും പിടികൂടപ്പെടുകയും അതിക്രൂരമായി പീഡിപ്പിക്കപ്പെടുകയും ചെയ്തു. മുസ്‌ലിംകൾ തീവ്രവാദികളാണെന്ന പടിഞ്ഞാറൻ ആശയം ഇന്ത്യയിലേക്കും ഇറക്കുമതി ചെയ്യപ്പെട്ടു. നിരപരാധികളായ മുസ്‌ലിം ചെറുപ്പക്കാർ ജയിലിൽ നരകയാതന അനുഭവിക്കുന്നത് തുടരുന്നു. ഇതിനെല്ലാം കാരണം അമേരിക്കൻ- ഇസ്രയേൽ സ്വാധീനമാണെന്നും ഇന്ത്യ ലോക ശക്തികളുടെ പാവയായി മാറിക്കൊണ്ടിരിക്കുകയാണെന്നും ജനം ആശങ്കപ്പെടുന്നു.


ചൈനക്കെതിരെ യുദ്ധമുഖം തുറക്കാൻ ഇന്ത്യയെ അവരുടെ പക്ഷത്തേക്ക് കൊണ്ടുവരികയോ, മുസ്‌ലിംകളെയും മറ്റു ന്യൂനപക്ഷങ്ങളെയും ഇന്ത്യൻ സമൂഹത്തിലെ ഇതര വിഭാഗങ്ങളിൽനിന്നും ഒറ്റപ്പെടുത്തി രാഷ്ട്രത്തിന്റെ ഐക്യത്തെ തകർക്കുകയോ ആണ് ഇസ്രയേലിന്റെയും അമേരിക്കയുടെയും ലക്ഷ്യം. ഇന്ത്യൻ ഭരണവർഗത്തിന് നിയന്ത്രണം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ലക്ഷക്കണക്കിന് സ്വാതന്ത്ര്യപ്പോരാളികളുടെ ജീവൻ ബലിയർപ്പിച്ച് സ്വാതന്ത്ര്യം നേടിയെടുത്ത നമ്മുടെ രാജ്യം, ഇന്നതിന്റെ പരമാധികാരത്തിന് വേണ്ടി പടക്കളത്തിലിറങ്ങേണ്ടി വന്നിരിക്കുന്നു. ഈ ഒരു അവസ്ഥയെ നമുക്ക് എങ്ങനെ മറികടക്കാനാവും?

ആദ്യമായി ഷാ വലിയുല്ലാഹി ദഹ്‌ലവിയുടെ പൈതൃകം ഞാൻ നിങ്ങളെ ഓർമിപ്പിക്കുകയാണ്. ദാർശനികൻ, മത-രാഷ്ട്രീയ ചിന്തകൻ എന്നീ നിലകളിൽ ഏറ്റവും പ്രശസ്തനാണ് അദ്ദേഹം. സാമ്പത്തിക ശാസ്ത്രത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ എഴുത്തുകൾ മുതലാളിത്തത്തിന്റെ ഉയർച്ചയെ മുൻകൂട്ടി കണ്ടു. ഇന്ത്യയിൽ രൂപപ്പെട്ടുവരുന്ന കാർഷിക വിപ്ലവത്തെ കുറിച്ച് അദ്ദേഹം എഴുതി. ഫ്രഞ്ച് വിപ്ലവത്തിലേക്ക് നയിച്ച ആശയവുമായി റൂസ്സോ വരുന്നതിന് മുമ്പ്, ഷാ വലിയ്യുല്ലാഹി സമാനമായ ആശയവുമായി കടന്നുവന്നു.

ഷാ വലിയുല്ലാഹിയിൽ മഹാന്മാരായ ലോകചിന്തകരിൽ ഒരാളെ നമുക്ക് കണ്ടെത്താനാവും. പക്ഷേ, ഇന്ത്യയിൽ എത്ര മുസ്‌ലിംകൾക്ക് അദ്ദേഹത്തിന്റെ ആശയങ്ങളെയും ചിന്തകളെയും കുറിച്ച് അറിയാം? ഷായുടെ പുത്രനായിരുന്ന ഷാ അബ്ദുൽ അസീസിന്റെ ഫത്‌വയോടു കൂടിയാണ് 1803ൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് തുടക്കംകുറിച്ചതെന്ന് നമ്മളിൽ എത്ര പേർക്കറിയാം? 1803ൽ ബ്രിട്ടീഷ് പട്ടാളം ഇന്ത്യയിൽ കടന്നപ്പോൾ ഷാ അബ്ദുൽ അസീസ് സമരം അനിവാര്യമായിരിക്കുകയാണെന്ന് (ദാറുൽ ഹർബ്) ഫത്‌വ പുറപ്പെടുവിച്ചു. അതിനു മുമ്പ് മുഗൾ ഭരണാധികാരിയായ ഷാ ആലമിന്റെ കൂട്ടുത്തരവാദിത്വത്തോടു കൂടി മറാത്തികൾ 1786 മുതൽ 1803 വരെ ഇന്ത്യ ഭരിക്കുകയായിരുന്നു. സംഘ്പരിവാർ ചിന്തിക്കുന്നതു പോലെ, അബ്ദുൽ അസീസ് വർഗീയവാദിയായിരുന്നുവെങ്കിൽ 1786-ൽ തന്നെ അദ്ദേഹം ഫത്‌വ പുറപ്പെടുവിക്കുമായിരുന്നു. പക്ഷേ, അദ്ദേഹം അത് ചെയ്തില്ല. കാരണം അദ്ദേഹം മറാ

ത്തികളെ ഇന്ത്യയുടെ ശക്തിയായിട്ടാണ് കണ്ടത്. ഇത് സാമുദായികമായ പ്രചാരണങ്ങളെ പൂർണമായി തിരസ്കരിക്കുകയും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ മുസ്‌ലിംകൾ വഹിച്ച പങ്കിനെ വെളിപ്പെടുത്തുകയും ചെയ്യുന്നു.

രണ്ട് വാല്യങ്ങളിലായി പ്രസിദ്ധീകരിച്ച എന്റെ *വാർ ഓഫ് സിവിലൈസേഷൻ: ഇന്ത്യ 1857 എ.ഡി* എന്ന പുസ്തകത്തിൽ എങ്ങനെയാണ് ഹിന്ദു ശിപായിമാർ ബഹദൂർഷാ സഫറിനെ ഇന്ത്യയുടെ ഭരണാധികാരിയായി അവരോധിക്കാൻ ദൽഹിയിലേക്ക് പോയതെന്ന് വിവരിക്കുന്നുണ്ട്. എങ്ങനെയാണ് റാണി ലക്ഷ്മി ഭായിയോടൊപ്പം 250ഓളം വരുന്ന പത്താൻ പട്ടാളക്കാർ മരിച്ചതെന്നും അയോധ്യയിലെ തകർക്കപ്പെട്ട ബാബരി മസ്ജിദിന് തൊട്ടടുത്ത് ഒരു ഹിന്ദു സന്യാസിയും ഒരു മുസ്‌ലിം മൗലവിയും എങ്ങനെയാണ് ബ്രിട്ടീഷ് പട്ടാളക്കാരാൽ തൂക്കിലേറ്റപ്പെട്ടതെന്നും വെളിപ്പെടുത്തിയിട്ടുണ്ട്. മസ്ജിദ്-മന്ദിർ പ്രശ്നം പരിഹരിച്ച് ബഹദൂർഷാ സഫറിന് വേണ്ടി ഒറ്റക്കെട്ടായി നിലകൊണ്ടതിനായിരുന്നു അവർ തൂക്കിലേറ്റപ്പെട്ടത്. 1857-67ലെ ഒന്നാം സ്വാതന്ത്ര്യ സമര കാലയളവിൽ എത്ര ഇന്ത്യക്കാർ മരിച്ചു എന്നറിയാമോ? 10 മില്യൻ ഇന്ത്യക്കാർ! മൊത്തം ജനസംഖ്യയുടെ ഏഴു ശതമാനം വരും അത്. ഹോളോകാസ്റ്റ് സംഭവത്തിൽ ജൂതന്മാർ കൊല്ലപ്പെട്ടതിന്റെ എത്രയോ അധികം. എന്നിട്ടും ലോകമത് അറിയാതെ പോവുന്നു. എന്തുകൊണ്ട്? എസ്.ഐ.ഒ, സോളിഡാരിറ്റി പോലുള്ള സംഘടനകൾ, ബ്രിട്ടീഷുകാർ മാപ്പപേക്ഷിക്കണമെന്നും 10 മില്യൻ ജനങ്ങളെ കൊന്നൊടുക്കിയതിന് നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെടുന്ന പ്രമേയം പാസ്സാക്കണം. അത് നമ്മുടെ അവകാശമാണ്. ആയിരക്കണിന് വിദ്യാർഥികൾ ദൽഹിയിലെ ബ്രിട്ടീഷ് എംബസിയിലേക്ക് കൊടുങ്കാറ്റു പോലെ ചെന്ന് ഇക്കാര്യം വിളിച്ചുപറയട്ടെ. ഇവിടത്തെ ഏറ്റവും കടുത്ത ഹിന്ദു സാമുദായികവാദി പോലും ഈ വിഷയത്തിൽ നിങ്ങളെ പിന്തുണക്കാൻ നിർബന്ധിതനാകും.




**ഇന്ത്യയിലെ സാധാരണക്കാർ പോലും ഇന്നൊരു ഭയത്തിന്റെ പിടിയിലാണ്. അമേരിക്ക, ഇസ്രയേൽ പോലുള്ള വിദേശശക്തികൾ നമ്മുടെ രാജ്യത്തേക്കും കടന്നുകയറുമോ എന്നതാണത്. ഇന്ത്യ വീണ്ടും പടിഞ്ഞാറിന്റെ കോളനിയായി തിരിച്ചുപോകുമോ എന്ന ഉത്കണ്ഠയുമുണ്ട്.**

വേലുത്തമ്പിയെയും ധീരരായ മാപ്പിളമാരെയും പോലുള്ള എണ്ണമറ്റ സ്വാതന്ത്ര്യപ്പോരാളികൾക്ക് ജന്മം നൽകിയിട്ടുണ്ട് കേരള മണ്ണ്. ഷാ അബ്ദുൽ അസീസിന്റെ ഫത്‌വ വന്ന അതേ സമയത്തുതന്നെയാണ് വേലുത്തമ്പിയും തന്റെ പ്രഖ്യാപനം നടത്തുന്നത്. ലോകത്തെ കൊളോണിയൽ ശക്തികൾക്കെതിരെയുള്ള സ്വാതന്ത്ര്യസമരാഹ്വാനത്തിന്റെ ആദ്യ പ്രഖ്യാപനങ്ങളിലൊന്നായിരുന്നു വേലുത്തമ്പിയുടേത്. 1850ന് മുമ്പും ശേഷവും മാപ്പിളമാർ അതിധീരമായി സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി. അതിനാൽ ഇന്ത്യാ ഗവൺമെന്റ് കോഴിക്കോട്ടെ മാപ്പിള സ്വാതന്ത്ര്യപ്പോരാളികൾക്ക് വേണ്ടി ഒരു പ്രത്യേക സ്മാരകം നിർമിക്കേണ്ടതുണ്ട്. കോൺഗ്രസ്സല്ല നമുക്ക് സ്വാതന്ത്ര്യം വാങ്ങിത്തന്നത്. 1940-കളിൽ മറ്റൊരു 1857 ആവർത്തിക്കുമെന്ന് ബ്രിട്ടീഷുകാർ ഭയപ്പെട്ടു. നമ്മുടെ രാജ്യം വിഭജിച്ചുകൊണ്ട് പടിഞ്ഞാറൻ സാമ്രാജ്യത്വം അതിന്റെ ശക്തി നിലനിർത്തുന്നു.

വർഗീയത, അമേരിക്കയെയും ഇസ്രയേലിനെയും പോലെയുള്ള ശക്തികളുടെ കൈകളിലെ പുതിയ ഉപകരണമാണ്. നമ്മെ ഒരിക്കൽകൂടി അധീനപ്പെടുത്താനും ഏഷ്യയെ കോളനിയാക്കാനും അവർ ശ്രമിക്കുന്നു. തീർച്ചയായും പുതിയ ഉപകരണമാണ് ഭീകരത. അമേരിക്കൻ അനുകൂല ഇന്ത്യൻ സ്ഥാപനങ്ങളും ഇന്ത്യൻ മീഡിയയും പടച്ചുവിടുന്ന കള്ളങ്ങളിൽ വിശ്വസിക്കരുത്.

നവംബർ 26ലെ ആക്രമണം മൊസാദ് ആസൂത്രണം ചെയ്തതായിരുന്നു. ആക്രമണകാരികൾ പാകിസ്താനികളായിരുന്നോ എന്നതല്ല ചോദ്യം. അവരെ ആര് നിയന്ത്രിക്കുന്നു എന്നതാണ് പ്രസക്തമായ ചോദ്യം. പാകിസ്താനികളോ അതോ അമേരിക്ക-ഇസ്രയേൽ കൂട്ടുകെട്ടോ? പത്തോളം വരുന്ന തീവ്രവാദി സംഘങ്ങളിൽ എട്ടെണ്ണവും സി.ഐ.എ, മൊസാദ് ഗ്രൂപ്പിന്റെ ശമ്പളം പറ്റുന്നവരാണെന്ന വസ്തുത നമ്മെ അത്ഭുതപ്പെടുത്തും. ഈയിടെ യമൻ ഭരണകൂടം അവിടെ മൊസാദിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന മുസ്‌ലിം ഭീകരസംഘത്തെ കണ്ടെത്തുകയുണ്ടായി.

അമേരിക്കക്കും ഇസ്രയേലിനുമെതിരിൽ പോരാടുന്ന യഥാർഥ പോരാളികൾ ഭീകരവാദികളല്ല. ഹിസ്ബുല്ല ഇന്ത്യയെ ആക്രമിച്ചിട്ടുണ്ടോ? ഹമാസ് എപ്പോഴെങ്കിലും ഇന്ത്യയെ ആക്രമിച്ചിട്ടുണ്ടോ? ഇറാഖീ സംഘങ്ങൾ എപ്പോഴെങ്കിലും ഇന്ത്യക്കെതിരെ പൊരുതിയിട്ടുണ്ടോ? പ്രതിരോധവും ഭീകരവാദവും രണ്ടും രണ്ടാണ്. ഭീകരത ഒരു യു.എസ്- ഇസ്രയേലീ സൃഷ്ടിയാണ്. ഭീകരതക്കെതിരെ യുദ്ധം ചെയ്യുന്നു എന്ന വ്യാജേന, ഭീകരത സൃഷ്ടിച്ച് സ്വതന്ത്ര രാഷ്ട്രങ്ങളെ അധീനതയിലാക്കി തങ്ങളുടെ അധികാരവും സ്വാധീനവും വ്യാപിപ്പിക്കുകയാണവർ.

ഒരു യഥാർഥ ജിഹാദീ സംഘവും നിരപരാധികളെ അക്രമിക്കില്ല, ബോംബ് സ്ഫോടനങ്ങൾ നടത്തില്ല. ഇന്ത്യയെ പോലെ ഒരു പ്രദേശത്ത് നവംബർ 26 ഓപ്പറേഷൻ പോലുള്ളവ നടത്തില്ല. നവംബർ 26ലെ ആക്രമണം പുതിയ ക്രിമിനൽ പ്രതിഭാസമാണ്. ആയുധക്കച്ചവടവും കള്ളക്കടത്തും ഉൾപ്പെടുന്ന വലിയൊരു പണശൃംഖല അതിന്റെ പിന്നിലുണ്ട്. ആദർശവും മറ്റും അതിനൊരു പുകമറ മാത്രം. ഇത്തരത്തിലുള്ള കരാർ ഭീകരരെ പ്രതിരോധ പോരാളികളുമായി സമീകരിക്കാൻ പാടില്ല.

സുഹൃത്തുക്കളേ, മൊസാദിൽനിന്നും സി.ഐ.എയിൽനിന്നും കോൺഗ്രസ്സിലും ബി.ജെ.പിയിലുമുള്ള അവരുടെ ശിങ്കിടികളിൽനിന്നും ഈ രാജ്യത്തെ രക്ഷിക്കാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. 1857-ന്റെ പൈതൃകം നിങ്ങളെ വിളിക്കുന്നു. ഷാ വലിയുല്ലാഹിയും ഷാ അബ്ദുൽ അസീസും നിങ്ങളെ വിളിക്കുന്നു. കേരളത്തിന്റെ മഹത്തായ ചരിത്രം നിങ്ങളെ വിളിക്കുന്നു. ■

**വിവ: ഒ. സഫറുല്ല**